# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 74*

28.02.2018-ലെ മറുപടി

## ജലനിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അൻവർ സാദത്ത്<br>,, റോജി.എം.ജോൺ<br>,, അടൂർ പ്രകാശ്<br>,, എൽദോസ്.പി.കുന്നപ്പിള്ളിൽ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഇതുവരെ എത്ര ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോക ബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച ജലനിധി രണ്ടാം ഘട്ട പദ്ധതി Kerala Rural Water and Sanitation Agency മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന ഇത്തരം കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി, ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.<br><br>ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. കുടിവെള്ള വിതരണം തടസ്സം കൂടാതെ ലഭ്യമാക്കുന്നതിന് സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹദ്പദ്ധതികളിൽ നിന്നും കുടിവെള്ളം മൊത്തമായി വാങ്ങി ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്തത്തിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഒന്നിലധികം പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനായി ജലഅതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള ബൃഹദ്പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി. സമ്പ |

പഞ്ചായത്തുകൾക്ക് ജലവിതരണം നടത്തുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

2012-18 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 13.76 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 3.7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് 1358 കോടി രൂപയുടെ പുതുക്കിയ അടങ്കൽ കണക്കാക്കിയിട്ടുള്ള ജലനിധി രണ്ടാം ഘട്ട ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി 2018 ജനുവരി 31 വരെ 1070.15 കോടി രൂപ ചെലവാക്കുകയും 7.17 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളവും, 3.59 ലക്ഷം ഗുണഭോക്താക്കൾക്ക് ശുചിത്വ സൗകര്യങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജലനിധി പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച പദ്ധതികളെ (31-01-2018 വരെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരുന്ന ഏഴ് മൾട്ടി പഞ്ചായത്ത് പദ്ധതികൾ ഏത് ഘട്ടത്തിലാണ്; | (ബി) | ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്ന് മൾട്ടി പഞ്ചായത്ത് പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ ഒരെണ്ണത്തിന്റെ പണി പൂർത്തീകരിക്കുകയും ബാക്കിയുള്ള രണ്ടെണ്ണത്തിന്റെ പണി പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലുമാണ്. രണ്ട് മൾട്ടി പഞ്ചായത്ത് സ്കീമുകൾ [(1) നെടുമങ്ങാടും സമീപ പഞ്ചായത്തുകളും (2) ചിറ്റൂരും സമീപ പഞ്ചായത്തുകളും] ജലനിധി പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജലനിധി രണ്ടാംഘട്ടത്തിനായി ഇതുവരെ എത്ര തുകയാണ് ചെലവഴിച്ചത്; | (സി) | 1070.15 കോടി രൂപയാണ് ജനുവരി 31, 2018 വരെ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്. |

(ഡി) ജലനിധി ഒന്നാംഘട്ടപ്രകാരം നടപ്പിലാക്കിയ ചില പദ്ധതികള്‍ പരാജയപ്പെട്ടുകയുണ്ടായോ; ഉണ്ടെങ്കില്‍ അതിന്റെ കാരണമെന്താണ് ; രണ്ടാംഘട്ടത്തില്‍ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം ഏത് ഏജന്‍സിയാണ് നടത്തുന്നത് എന്ന് അറിയിക്കാമോ?

(ഡി) ജലനിധി പദ്ധതിയുടെ നിയമാവലി അനുസരിച്ച് പദ്ധതികളുടെ പൂര്‍ത്തീകരണത്തിനുശേഷം തുടര്‍ നടത്തിപ്പ് പൂര്‍ണ്ണമായും ഗുണഭോക്തൃ സമിതികള്‍ക്കാണ്. പദ്ധതി പൂര്‍ത്തീകരണത്തിനുശേഷം തുടര്‍ പരിപാലനത്തില്‍ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നപരിഹാരങ്ങളും ധനപരമായ നടത്തിപ്പും മറ്റും സമിതിതന്നെയാണ് പൂര്‍ണ്ണമായും നടത്തേണ്ടത്. ഇത്തരം കാര്യങ്ങള്‍ക്ക് സമിതികളെ സഹായിക്കാന്‍ നിലവില്‍ ഗ്രാമപഞ്ചായത്തുകളല്ലാതെ മറ്റ് സ്ഥാപന സംവിധാനങ്ങളില്ല. അടുത്തിടെ Kerala Rural Water and Sanitation Agency നടത്തിയ ഒരു ദ്രുത പരിശോധനാപഠനത്തില്‍ ഒന്നാംഘട്ടത്തിലെ ചില പദ്ധതികള്‍ പ്രവര്‍ത്തനക്ഷമമല്ലെന്ന് കണ്ടു. ആയതിന്റെ കാരണങ്ങള്‍ താഴെ പറയുന്നവയാണ്.

1. സ്രോതസ്സിലെ ജലത്തിന്റെ ലഭ്യതക്കുറവ്.
2. വിതരണ സംവിധാനത്തിലുള്ള സാങ്കേതിക തകരാര്‍.
3. ഗുണനിലവാര പ്രശ്നങ്ങള്‍.
4. സമിതി അംഗങ്ങള്‍ തമ്മിലുള്ള തര്‍ക്കങ്ങള്‍.
5. ധനപരമായ നടത്തിപ്പ് പ്രശ്നങ്ങള്‍.

ജലനിധി രണ്ടാംഘട്ടത്തില്‍ പൂര്‍ത്തിയായ പദ്ധതികളുടെ പ്രവര്‍ത്തനങ്ങളെക്കുറിച്ചുള്ള അവലോകന പഠനം Centre for Socio-Economic & Environmental Studies (CSES), & Inter Co-operation Social Development India-(300 പദ്ധതികള്‍), Centre for Socio-Economic & Environmental Studies (CSES), Kochi (908 പദ്ധതികള്‍) എന്നീ ഏജന്‍സികള്‍ വഴി നടത്തുകയുണ്ടായി.

സെക്ഷന്‍ ഓഫീസര്‍

അനുബന്ധം

| നം | ഇനം | ലക്ഷ്യമിടുന്നത് | ഏറ്റെടുത്തത് (31-01-2018) | പൂർത്തീകരിച്ചത് (31-01-2018 വരെ) |
|---|---|---|---|---|
| 1 | പഞ്ചായത്തുകളുടെ എണ്ണം | 200 | 115 | 61 |
| 2 | പട്ടികജാതി പഞ്ചായത്തുകളുടെ എണ്ണം | 22 | 19 | 7 |
| 3 | കുടിവെള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 2.87 ലക്ഷം | 2.56 ലക്ഷം | 1.64 ലക്ഷം |
| 4 | കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം | 13.76 ലക്ഷം | 11.52 ലക്ഷം | 7.17 ലക്ഷം |
| 5 | ശുചിത്വ യൂണിറ്റുകളുടെ ഗുണഭോക്താക്കളുടെ എണ്ണം | 3.7 ലക്ഷം | 3.83 ലക്ഷം | 3.59 ലക്ഷം |
| 6 | ആകെയുള്ള കുടിവെള്ള പദ്ധതികൾ | 2175 | 2175 | 1745 |
| 7 | ശുചിത്വ സൗകര്യ യൂണിറ്റുകളുടെ എണ്ണം (ODF) | - | 45000 | 44,662 |
| 8 | ഭൂജല പരിപോഷണ യൂണിറ്റുകൾ | - | 1548 | 1518 |

Reek
സെക്ഷൻ ഓഫീസർ